പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 129 — 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയുടെ നിലവിലെ സ്ഥിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>" എം. വിൻസെന്റ്<br>" വി.ഡി.സതീശൻ<br>" കെ.എസ്.ശബരീനാഥൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | രണ്ട് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സിയെ നഷ്ടത്തിൽ നിന്നും കരകയറ്റുമെന്ന വാഗ്ദാനം പാലിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. മുൻകാലങ്ങളിൽ ശമ്പളം ഉൾപ്പെടെയുള്ള വിവിധ ചെലവുകൾക്കായി വലിയ തുക കൂടിയ പലിശ നിരക്കിൽ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിരുന്നു. ഇത്തരത്തിലുള്ള വായ്പകളാണ് കെ.എസ്.ആർ.ടി.സി.യെ വൻ സാമ്പത്തിക ബാധ്യതയിലേക്ക് എത്തിച്ചത്. കെ.എസ്.ആർ.ടി.സിയുടെ എല്ലാ വായ്പകളും കൂടി കുറഞ്ഞ പലിശ നിരക്കിലും ദീർഘകാല തിരിച്ചടവ് കാലാവധിയുമുള്ള ബാങ്ക് കൺസോർഷ്യത്തിന്റെ വായ്പയിലേക്ക് മാറ്റിയപ്പോൾ കെ.എസ്.ആർ.ടി.സിക്ക് വായ്പ തിരിച്ചടവിൽ പ്രതിമാസം 60 കോടി രൂപയുടെ കുറവ് വരുത്താൻ സാധിച്ചു. എന്നാൽ ഇതോടെ മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കാൻ കഴിയാതെ വന്നു. അതുകൊണ്ടു തന്നെ കെ.എസ്.ആർ.ടി.സി കൂടുതൽ കടബാധ്യതയിലേക്ക് പോകാതെ ബാധ്യത കുറച്ചുകൊണ്ടു വരികയാണ്. കോർപ്പറേഷനെ പുനരുദ്ധരിക്കുന്നതിലേയ്ക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനായി സർക്കാർ നിയോഗിച്ച പ്രൊഫ. സുശീൽ ഖന്ന നിരവധി ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചതിൽ കോർപ്പറേഷൻ അഭിമുഖീകരിച്ചിരുന്ന പ്രശ്നങ്ങൾക്ക് പലതിനും പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ |

| | | | |
|---|---|---|---|
| | വന്ന് മൂന്ന് വർഷം പിന്നിട്ടുമ്പോൾ, നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിന് പകരം, മാസ ശമ്പളം പോലും ജീവനക്കാർക്ക് കൃത്യമായി നൽകുവാൻ കഴിയാത്ത അവസ്ഥയിൽ കെ.എസ്.ആർ.ടി.സി എത്തി നിൽക്കുന്നുവെന്നത് വസ്തുതയാണോ; വിശദമാക്കുമോ; | | വായ്പകളുടെ തിരിച്ചടവും, ദൈനംദിനം ഡീസലിനു വേണ്ടിവരുന്ന തുകയും കഴിച്ച് പ്രതിദിനവരുമാനത്തിൽ മിച്ചം ഒന്നും ഇല്ലാത്ത അവസ്ഥയിലായിരുന്ന കെ.എസ്.ആർ.ടി.സിയിൽ, സർക്കാർ നടപ്പിലാക്കിയ ക്രിയാത്മകമായ നടപടികളിലൂടെ, പുതുതായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാതെ ഇപ്പോൾ ശമ്പളവും, സർക്കാർ സഹായത്തോടെ പെൻഷനും മുടക്കം കൂടാതെ നൽകുവാൻ കഴിയുന്നുണ്ട്.<br>കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യുന്നത് കോർപ്പറേഷന്റെ സ്വന്തം വരുമാനത്തിൽ നിന്ന് ലഭിക്കുന്ന തുകയും പ്രതിമാസം സർക്കാർ വായ്പാ ധനസഹായമായി നൽകുന്ന തുകയും കൊണ്ടാണ്. സമീപ വർഷങ്ങളിൽ ഉണ്ടായ പ്രളയം മൂലം സർവ്വീസുകൾ താറുമാറായതിനാൽ ആ സമയങ്ങളിൽ വളരെ കുറച്ച് ബസ്സുകൾ മാത്രമേ സർവ്വീസ് നടത്താൻ കഴിഞ്ഞുള്ളൂ. ഇക്കാരണത്താൽ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി, വിവിധ ഓയിൽ കമ്പനികൾക്കും, എസ്.ബി.ഐ. ക്യാപ്സിനും കോർപ്പറേഷൻ നൽകുവാനുള്ള കുടിശ്ശിക തുകകൾ പ്രതിമാസം ശമ്പളം നൽകുന്നതിനായി വായ്പാ ഇനത്തിൽ നൽകുന്ന തുകയിൽ നിന്നും 2019 ജൂൺ മാസം മുതൽ അടച്ച് വരുന്നു. ഈ കാരണങ്ങളാൽ ചില മാസങ്ങളിൽ ശമ്പളം മാസത്തിന്റെ അവസാന പ്രവൃത്തി ദിവസം നൽകുവാൻ സാധിച്ചില്ല. നിലവിൽ ജീവനക്കാർക്ക് നൽകുവാനുള്ള ശമ്പള വേതന വിതരണത്തിൽ കുടിശ്ശികയൊന്നും വരുത്തിയിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി നേരിടുന്ന അതീവ ഗുരുതരമായ സ്ഥിതി വിശേഷം തരണം ചെയ്യുന്നതിന് എന്ത് തരത്തിലുള്ള ഇടപെടലുകളാണ് സർക്കാർ സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കൊൽക്കട്ടയിലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ സമഗ്ര പഠനത്തിനായി സർക്കാർ നിയോഗിക്കുകയും ഇദ്ദേഹത്തിൽ നിന്നും ലഭിച്ച ഇടക്കാല പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി വായ്പകളുടെ പുനഃക്രമീകരണം നടത്തുകയും, മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടു വരികയും ചെയ്തു. കൂടാതെ കെ.എസ്.ആർ.ടി.സി.യിൽ മേഖലാവത്ക്കരണം നടപ്പിലാക്കി മൂന്നു ലാഭകേന്ദ്രങ്ങളാക്കി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസുകളെ പുനഃക്രമീകരിക്കുകയും വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ അക്കൗണ്ടിംഗ്, സ്റ്റോർ, ഇൻവെന്ററി മാനേജ്മെന്റ് തുടങ്ങിയവ നടപ്പിലാക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വെറ്റ് ലീസ് വ്യവസ്ഥയിൽ ബസ് സർവ്വീസ് നടത്തി വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന കരാർ പുതുക്കുകയും ഇതിൻ പ്രകാരം 49 റൂട്ടുകളായി 88 ബസ്സുകൾ ഉപയോഗിച്ച് പുതുതായി 8865 കി.മീറ്റർ ദൂരം സർവ്വീസ് ആരംഭിക്കണം എന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലം വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥ കുറയ്ക്കുന്നതിന്, കേരള പി.എസ്.സി. നിയമനോപദേശം നൽകിയ കണ്ടക്ടർ വിഭാഗം ജീവനക്കാരെ മുഴുവൻ ഒഴിവുള്ള യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബസ്-ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയായ 5.5-ലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരികയാണ്. യാത്രക്കാർക്കും ജീവനക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതുമൂലം ചെലവിനത്തിൽ കുറവുണ്ടാകുകയും, പ്രതി ബസ്, പ്രതി കി.മീറ്റർ വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും, ഡീസൽ ചെലവ് ലാഭിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**